സൈഡിൽ ആരും നില്ക്കാൻ പാടില്ല, വീട്ടു മുറ്റത്തും ആളുകളും നില്ക്കാൻ പാടില്ല. കൊട്ടാരക്കര എസ്.ഐ. യെ കണ്ടുകഴിഞ്ഞാൽ ബസ്സ്റ്റാൻറിൽ നില്ക്കുന്നവരായാലും ഓടിക്കൊള്ളണം എന്നതാണ് അദ്ദേഹത്തിന്റെ പൊതുനിർദ്ദേശം. അതിന്റെ പേരിലാണ് ഈ ചെറുപ്പക്കാരനെ പിടിച്ചുകൊണ്ടുപോയത്. ഇതു വളരെ ക്രൂരമാണ്. ഈ എസ്. ഐ. ഉൾപ്പെടെയുള്ള പോലീസുകാരുടെ പേരിൽ ശക്തമായ ശിക്ഷണ നടപടി കൈക്കൊള്ളണം. അതിനു ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, വളരെ നിർഭാഗ്യകരമായ ഒരു സംഭവത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട പ്രകാശ് ബാബു ഇവിടെ ഉന്നയിച്ചത്. ഇതു സംബന്ധിച്ച് കൊല്ലം പട്ടണത്തിൽ ഒരു പരിപാടിക്ക് പോയപ്പോൾ കൊല്ലം ജില്ലയിലെ പത്രപ്രവർത്തകർ എനിക്ക് പരാതി നൽകിയിരുന്നു. കൂടാതെ എന്റെ സ്നേഹിതൻ ശ്രീ. വി. എം. സുധീരനും അവർ നൽകിയ പരാതി എനിക്ക് അയച്ചുതന്നിരുന്നു. പ്രാഥമികാന്വേഷണത്തിൽ ശ്രീകുമാറിനെ ബലമായി വാനിൽ പിടിച്ചു കൊണ്ടുപോയതായിട്ടാണ് അറിയാൻ കഴിഞ്ഞത്. ഇതു സംബന്ധിച്ച് ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് വിശദമായി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണം എത്രയും വേഗം പൂർത്തിയാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ. പ്രകാശ് ബാബു പറഞ്ഞതനുസരിച്ചും എനിക്ക് കിട്ടിയ പരാതി അനുസരിച്ചും ആരോഗ്യ വകുപ്പുമന്ത്രിക്ക് കിട്ടിയ പരാതി അനുസരിച്ചുമാണ് ഞാൻ പറഞ്ഞത്. പ്രാഥമികാന്വേഷണത്തിൽ ബലമായി പിടിച്ചുകൊണ്ടുപോയി എന്നാണ് വിവരം കിട്ടിയിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഒരു ഉയർന്ന ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരായി ആവശ്യമായ നടപടിയെടുക്കുമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഒരു ഉയർന്ന ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്തുമെന്ന് അങ്ങ് പറഞ്ഞതു നല്ല കാര്യമാണ്. അത് പോലീസ് വകുപ്പിലെ അല്ലാതെയുള്ള ഒരു ഉയർന്ന ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കുമോ?

(മറുപടി പറഞ്ഞില്ല)

(6) ഷൊർണ്ണൂർ മുനിസിപ്പൽ മാർക്കറ്റിലെ തീപിടുത്തം

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, കഴിഞ്ഞ ഫെബ്രുവരി 25-ാം തീയതി ഷൊർണ്ണൂർ മുനിസിപ്പൽ മാർക്കറ്റിൽ ഒരു വലിയ അഗ്നിബാധയുണ്ടായി. പതിനാല് കടകളും പൂർണ്ണമായി കത്തിനശിച്ചു. 23.65 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിയെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. രണ്ട് ആയുർവ്വേദ ഷോപ്പുകളും, അഞ്ച് പച്ചക്കറി കടകളും, മൂന്നു വലിയ പലചരക്ക് മൊത്തക്കച്ചവട സ്ഥാപനങ്ങളും, രണ്ട് സ്റ്റേഷനറി കടകളും, ഒരു അരി മൊത്തവ്യാപാര സ്ഥാപനം, ഒരു ഫ്രൂട്ട് സ്റ്റാളും ഇത്രയും സ്ഥാപനങ്ങളാണ് പൂർണ്ണമായി കത്തിനശിച്ചത്. ഇവയ്ക്കു പുറമെ ഷൊർണ്ണൂർ മേഖലയിൽ ശുദ്ധജലം നൽകിയിരുന്ന പമ്പ് ഹൗസും പൂർണ്ണമായി കത്തിനശിച്ചു. അതുകൊണ്ട് ഇപ്പോൾ ആ

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശത്ത് കുടിവെള്ളം ഒരു മുഖ്യപ്രശ്നമായി അനുഭവപ്പെടുകയാണ്. അവിടത്തെ ഹോട്ടലുകൾക്കും വെള്ളം കിട്ടുന്നില്ല. അങ്ങനെ വലിയ പ്രതിസന്ധിയിലാണ്. ഈ പതിനാല് കടക്കാരും ബാങ്കുകളിൽനിന്ന് ലോണെടുത്തും ബ്ലേഡ് കമ്പനികളിൽനിന്നും കടമെടുത്തുമൊക്കെ വ്യാപാരം നടത്തുന്നവരാണ്. അവർക്ക് ഇൻഷ്വറൻസ് ഇല്ല. മറ്റ് യാതൊരു സംവിധാനവുമില്ല. അങ്ങനെ നിരാലംബരായ സ്ഥിതിയിലാണ് ഈ പതിനാല് കടക്കാരും. വെള്ളമില്ലാത്തതുകൊണ്ട് നാട്ടുകാരും വലിയ പ്രതിസന്ധിയിലാണ്. അതുകൊണ്ട് ഇവർക്ക് നഷ്ടപരിഹാരം കൊടുക്കുകയും അവരെ പുനരധിവസിപ്പിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. അടിയന്തിരമായി മുഖ്യമന്ത്രിയുടെ ഫണ്ടിൽനിന്നോ മറ്റേതെങ്കിലും നിലയ്ക്കോ ശുദ്ധജല വിതരണ പദ്ധതി പുനഃസ്ഥാപിക്കുന്നതിനുവേണ്ടി, പമ്പ്ഹൗസും അതിന്റെ പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ഇത്തരം ഒരു തീപിടുത്തമുണ്ടായിട്ട് സമയത്ത് അത് അണയ്ക്കാൻ കഴിയാതെ വന്നത് നിർഭാഗ്യമായിപ്പോയി. ഷൊർണ്ണൂരിന് ഒരു ഫയർ സ്റ്റേഷനുണ്ട്. ആ ഫയർ സ്റ്റേഷനിൽ ഡ്രൈവറില്ല, ഫയർമാനില്ല. ഈ ഒരു അവസ്ഥയിൽ അവർ നിസ്സഹായരായിരുന്നു. 200 മീറ്റർ ദൂരമുള്ള ഒരു സ്ഥലത്ത് തീപിടുത്തമുണ്ടായിട്ട് ഇവർക്ക് സഹായിക്കാൻ പറ്റിയില്ല. അതുകൊണ്ട് ഇതിന് പരിഹാരമുണ്ടാകണം. ഈ രണ്ടു വിഷയങ്ങളിൽ വിശേഷിച്ച് ഇവർക്ക് നഷ്ടപരിഹാരം കൊടുക്കാനും അടിയന്തിരമായി കുടിവെള്ളത്തിന് ആവശ്യമായ പുനഃസംവിധാനം ഉണ്ടാകാനും മുഖ്യമന്ത്രിയുടെ മുൻകയ്യോടുകൂടിയ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട കെ. ഇ. ഇസ്മയിൽ ഇത് സംബന്ധിച്ച് എനിക്ക് ഒരു കുറിപ്പ് നൽകിയ ഉടൻതന്നെ അടിയന്തിരമായി സംഭവത്തിന്റെ വിശദാംശങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പാലക്കാട് കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കളക്ടറുടെ റിപ്പോർട്ട് കിട്ടുന്നതിന്റെ അടിസ്ഥാനത്തിൽ കഴിയുന്ന സഹായം നൽകാനും ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച മറ്റു പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാനും ശ്രമം നടത്തുമെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(7) മറവൻതുരുത്ത് പഞ്ചായത്തിലെ പഞ്ചായത്ത് ഓഫീസ് കോൺക്രീറ്റ് പാലമാക്കണമെന്ന ആവശ്യം

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സർ, വൈക്കം നിയോജകമണ്ഡലത്തിൽപ്പെട്ട മറവൻതുരുത്ത് പഞ്ചായത്തിലെ വളരെ പ്രാധാന്യമുള്ള പൊതുമരാമത്തു റോഡിലെ നൂറു വർഷത്തിലേറെ പഴക്കമുള്ള മരംകൊണ്ട് നിർമ്മിച്ച പഞ്ചായത്ത് പാലം ഇന്ന് തകർന്നുകിടക്കുകയാണ്. തൻമൂലം അവിടെ ബസ് ഗതാഗതം നിലച്ചിരിക്കുന്നു. വിദ്യാർത്ഥികൾക്കും ഉദ്യോഗസ്ഥൻമാർക്കും മറ്റു പൊതുജനങ്ങൾക്കും അവിടെ സഞ്ചരിക്കാൻ സൗകര്യം നഷ്ടപ്പെട്ടിരിക്കുകയാണ്. വളരെ കഷ്ടപ്പാടും ദുരിതങ്ങളും ആ പഞ്ചായത്തിലുള്ള ജനങ്ങൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വളരെക്കാലമായി ആ മരപ്പാലം മാറ്റി കോൺക്രീറ്റ് പാലം നിർമ്മിക്കണമെന്നു അവിടത്തെ പ്രതിനിധി എന്നുള്ള നിലയിൽ ഞാൻ ഈ നിയമസഭയിൽത്തന്നെ പലപ്രാവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. അതിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly